"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ലോക കേരളസഭ 2024-മായി ബന്ധപ്പെട്ട് നിയമസഭ മന്ദിരത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റേയും ഇൻഫർമേഷൻ കേരള മിഷന്റേയും വിവിധ സ്റ്റാളുകൾ സ്ഥാപിക്കുന്നതിനാവശ്യമായ തുക ഐ.കെ.എമ്മിന്റെ അക്കൗണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഇ ജി) വകുപ്പ്

സ.ഉ.(സാധാ) നം.1421/2024/LSGD തീയതി,തിരുവനന്തപുരം, 02-08-2024

---

പരാമർശം:- 1. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12/06/2024 ലെ 2118/E4/2024/IKM നമ്പർ കത്ത്.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 13/06/2024 ലെ LSGD/PD/21401/2023 നമ്പർ കത്ത്.

**ഉത്തരവ്**

2024 ജൂൺ 13 മുതൽ 15 വരെ നിയമസഭാ മന്ദിരത്തിൽ നടക്കുന്ന ലോക കേരളസഭയുടെ ഭാഗമായി നിയമസഭ മന്ദിരത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രധാന പദ്ധതികളായ കെ-സ്മാർട്ട്, ലൈഫ് ഭവനപദ്ധതി, അതിദാരിദ്ര്യ നിർമ്മാർജ്ജനം എന്നിവയെ സംബന്ധിച്ച് ലോക കേരളസഭ പ്രതിനിധികൾ മുൻപാകെ പ്രചാരണ പ്രവർത്തനം നടത്തുന്നതിനും പദ്ധതികളുടെ വിശദാംശങ്ങൾ ബോധ്യപ്പെടുത്തുന്നതിനുമായി ഒരു പവലിയൻ സ്ഥാപിക്കുവാൻ തീരുമാനിക്കുകയുണ്ടായി. 2024 ജൂൺ 13 മുതൽ 15 വരെ നിയമസഭാ മന്ദിരത്തിൽ നടക്കുന്ന 4-ാം ലോക കേരള സഭയുടെ ഭാഗമായി മന്ദിരത്തിൽ ത.സ്വ.ഭ.വകുപ്പിന്റെയും ഇൻഫർമേഷൻ കേരള മിഷന്റെയും വിവിധ സ്റ്റാളുകൾ ഇടുന്നതിനുള്ള ചെലവ് ഇൻഫർമേഷൻ കേരള മിഷന്റെ ഫണ്ടിൽ നിന്നും വഹിക്കുന്നതിലുള്ള അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

തദ്ദേശസ്വയംഭരണ വകപ്പിന്റെ "ഡിജി കേരളം" പദ്ധതിയുടെ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിയമാനുസൃതം തെരഞ്ഞെടുത്തിട്ടുള്ള Redexell Media എന്ന സ്ഥാപനത്തിനെ പവലിയൻ ഡിസൈൻ ചെയ്ത് നിർമ്മിക്കുന്നതിനായി ചുമതലപ്പെടുത്തുന്നതിനുള്ള അനുമതിയും, ആയതിന് ചെലവു വരുന്ന തുകയും മേൽ പറഞ്ഞ പദ്ധതികളുടെ വിശദാംശങ്ങൾ വിശദമാക്കുന്ന ബ്രോഷറുകൾ (തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും പ്രിന്റ് ചെയ്യുന്നത്) പ്രിന്റ് ചെയ്യുന്നതിനുള്ള തുകയും ഇൻഫർമേഷൻ കേരള മിഷന്റെ ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയും സർക്കാരിൽ നിന്ന് ലഭ്യമാക്കണമെന്ന് പരാമർശം (2)

പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചു. തുടർന്ന്, 2024 ജൂൺ 13 മുതൽ 15 വരെ നടന്ന ലോക കേരള സഭയുടെ ഭാഗമായി നിയമസഭാ മന്ദിരത്തിൽ ത.സ്വ.ഭ.വകുപ്പിന്റെ പവിലിയൻ തയ്യാറാക്കിയതിനും ബ്രോഷർ തയ്യാറാക്കിയതിനുമായി ആകെ 9,54,717/- രൂപയുടെ ചെലവ് ഉണ്ടായിട്ടുള്ളതായി പരാമർശം 4ലെ കത്തുപ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെയും ഇൻഫർമേഷൻ കേരള മിഷന്റെയും ശിപാർശ പരിഗണിച്ച് 2024 ജൂൺ 13 മുതൽ 15 വരെ നിയമസഭാ മന്ദിരത്തിൽ നടന്ന 4-ാം ലോക കേരള സഭയുടെ ഭാഗമായി മന്ദിരത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ഇൻഫർമേഷൻ കേരള മിഷന്റെയും വിവിധ സ്റ്റാളുകൾ സ്ഥാപിച്ചതിന് വേണ്ടിവന്ന 9,54,717/- രൂപയുടെ ചെലവ് ഇൻഫർമേഷൻ കേരള മിഷന്റെ ഫണ്ടിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (LSGD-EG1/130/2024/LSGD)

ഉത്തരവിൻ പ്രകാരം
Signed by
Manikkuttan R
Date: 02-08-2024 17:04:26
സെക്ഷൻ ഓഫീസർ

പകർപ്പുകൾ
തദ്ദേശ സ്വയം ഭരണ, ,എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്കു്.
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്കു്.
തദ്ദേശ സ്വയം ഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി എ യ്ക്കു്.